"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസവകുപ്പ് - സി-ആപ്റ്റിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് പുനർനിയമനം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് ആവശ്യമായ ശിപാർശ സമർപ്പിക്കുന്നതിലേക്കായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.17/2026/HEDN തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. G.O (Ms) No. 55/2002/H.Edn തീയതി, 30-05-2002.
2. G.O (Ms) No. 29/2011/H.Edn തീയതി, 26-02-2011.
3. 07-10-2025-ലെ സി-ആപ്റ്റിന്റെ 61-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ EC/61/25/12 എന്ന നമ്പർ തീരുമാനം.
4. സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ 16-10-2025-ലെ C-apt/1213/2025-E3(ESTT) നമ്പർ കത്ത്.

**ഉത്തരവ്**

സി-ആപ്റ്റിൽ (പഴയ Kerala State Audio Visual and Reprographic Centre) അധികമായി കണ്ടെത്തിയ ജീവനക്കാരെ സെന്ററിന്റെ അന്നത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും സെന്ററിന്റെ പുനരുദ്ധാരണത്തെ കുറിച്ച് പഠിക്കുവാൻ സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാമർശം (1) ലെ ഉത്തരവ് പ്രകാരം പിരിച്ചുവിടുകയുണ്ടായി. ഇതിനെതിരെ സെന്ററിലെ പിരിച്ചു വിടപ്പെട്ട ജീവനക്കാർ ഫയൽ ചെയ്ത കേസിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ ഉത്തരവ് പ്രകാരം സി-ആപ്റ്റിൽ എപ്പോഴെങ്കിലും അധിക ജീവനക്കാരെ ആവശ്യമായി വരുന്ന പക്ഷം ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം വിവിധ കാറ്റഗറികളിൽനിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാരുടെ സീനിയോറിറ്റി കർശനമായി പാലിച്ച് അതാത് തസ്തികകളിൽ നിയമനം നടത്തേണ്ടതാണെന്ന്

നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. സി-ആപ്റ്റിൽ പുനർനിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പിരിച്ചുവിടപ്പെട്ട ജീവനക്കാരിൽ നിന്നും ധാരാളം നിവേദനങ്ങൾ ലഭ്യമായ സാഹചര്യത്തിൽ, പ്രസ്തുത വിഷയം സി-ആപ്റ്റിന്റെ 61-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം പരിഗണിക്കുകയും, സി-ആപ്റ്റിലെ നിലവിലെ സാഹചര്യങ്ങൾ പരിശോധിച്ച് വിവിധ കാറ്റഗറികളിൽനിന്നും പിരിച്ചു വിടപ്പെട്ട ജീവനക്കാരുടെ പുനർ നിയമനം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനു എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചതായി സൂചന (4) -ലെ കത്ത് പ്രകാരം സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സി-ആപ്റ്റിന്റെ നിലവിലെ സാമ്പത്തിക/ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും വിശദമായി പരിശോധിച്ച് സി-ആപ്റ്റിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് പുനർനിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ /ശിപാർശ സമർപ്പിക്കുന്നതിലേക്കായി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No | Details of Members | Position in the Committee |
|---|---|---|
| 1. | ഡോ. ജയപ്രകാശ്. പി,<br>സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ | ചെയർപേഴ്സൺ |
| 2. | ശ്രീ. രാജേഷ് എം,<br>ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ് | മെമ്പർ |
| 3. | ശ്രീമതി കെ. ബി. ബീന,<br>ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ് | മെമ്പർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

HARILAL T N

ജോയിന്റ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്), തിരുവനന്തപുരം.
2. ഡോ. ജയപ്രകാശ്. പി, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3. ശ്രീ. രാജേഷ് എം, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്.
4. ശ്രീമതി കെ. ബി. ബീന, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.
5. നിയമവകുപ്പ് (30-10-2025 -ലെ AD-I(1)/371/2025-LAW എന്ന നമ്പർ പ്രകാരം).
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.

7. നോഡൽ ഓഫീസർ,വെബ് സൈറ്റ്, ഉന്നതവിദ്യാഭ്യാസവകുപ്പ്.
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (K3/200/2025-HEDN).

ഉത്തരവിൻ പ്രകാരം

Signed by
Sobha D
Date: 03-01-2026 11:18:35

സെക്ഷൻ ഓഫീസർ